**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2016 ജൂലൈ 29 വെള്ളി**

**ക്യാപ്റ്റൻസ് മീറ്റിങ് നടത്തി**

# പുതുക്കിയ നിയമാവലി വള്ളംകളിയെ കൂടുതൽ ജനപ്രിയമാക്കും-ജില്ലാ കളക്ടർ

അന്താരാഷ്ട്ര മത്സരങ്ങൾക്കെല്ലാമുള്ളതുപോലെ നെഹ്റുട്രോഫി ജലമേളയ്ക്കും വ്യക്തവും ചിട്ടയുള്ളതുമായ നിയമാവലി വരുന്നതിലൂടെ വള്ളം കളിയുടെ ജനപ്രിയത വർധിപ്പിക്കാനാവുമെന്ന് ജില്ലാകളക്ടർ ആർ.ഗിരിജ പറഞ്ഞു. ഇത്തവണ ചരിത്രത്തിലാദ്യമായി 25 ചുണ്ടൻ വള്ളങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മത്സര രംഗത്തുള്ള ചുണ്ടൻ വള്ളങ്ങളുടെ എണ്ണം കൂടിയത് നെഹ്റുട്രോഫിയുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. 64ാമത് നെഹ്റുട്രോഫി വള്ളംകളിക്ക് മുന്നോടിയായി വെള്ളിയാഴ്ച പുളിമൂട്ടിൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ക്യാപ്റ്റൻസ് മീറ്റിങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കളക്ടർ. വള്ളങ്ങളുടെ മെയിന്റനസ് ഗ്രാന്റ് ഒരു വർഷത്തേത് ഇപ്പോൾ കൊടുക്കുമെന്ന് കളക്ടർ പറഞ്ഞു. രജിസ്റ്റർ ചെയ്തിട്ട് മൽസരങ്ങളിൽ പങ്കെടുക്കാതിരുന്നാൽ മൂന്നു വർഷത്തേക്ക് ആ ടീമിനെ നെഹ്റുട്രോഫി മൽസരങ്ങളിൽ നിന്ന് ഒഴിവാക്കും.

സമയക്രമത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഫൈനലിലേക്കുള്ള വള്ളങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുക എന്നതാണ് വലിയ മാറ്റം. നാല് ട്രാക്ക് തന്നെ തുടരും. എന്നാൽ ഫിനിഷിങ് പോയിന്റ് നിലവിലുള്ളതിൽ നിന്ന് 25 മീറ്റർ വടക്കോട്ട് മാറ്റി. സ്റ്റാർട്ടിങ് പോയിന്റ് 30 മീറ്റർ തെക്കോട്ടും മാറ്റിയിട്ടുണ്ട്.ഫൈനലിൽ എത്തുന്ന ചുണ്ടൻ വള്ളങ്ങൾ ഹീറ്റ്സിൽ ഏറ്റവും കുറച്ചുസമയം എടുക്കുന്ന നാലു വള്ളം ആയിരിക്കും. അതുപോലെ തന്നെയാണ് ലൂസേഴ്സ് ഫൈനലും. തുല്യ സമയം വന്നാൽ നറുക്കിട്ടെടുക്കും.

എൻ.ടി.ബി.ആർ.കമ്മറ്റി സെക്രട്ടറിയായ ആർ.ഡി.ഒ സുബൈർ കുട്ടി ആധ്യക്ഷ്യം വഹിച്ച ചടങ്ങിൽ നഗരസഭാ ചെയർമാൻ തോമസ് ജോസഫ് ആശംസകൾ അറിയിച്ചു. ക്യാപ്റ്റൻമാർക്കുള്ള നിർദ്ദേശങ്ങൾ ഇൻഫ്രാസ്ട്രെക്ചർ കമ്മറ്റി കൺവീനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ ആർ.രേഖ വായിച്ചു. മുൻ എം.എൽ.എ കെ.കെ.ഷാജു, ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ആർ.കെ.കുറുപ്പ്, ബോട്ട് ക്ലബ്ബ് സെക്രട്ടറി എസ്.എം.ഇക്ബാൽ, എസ്.ഗോപാലകൃഷ്ണൻ, കെ.എം.അഷറഫ് എന്നിവർ പ്രസംഗിച്ചു.

## ടീം അംഗങ്ങൾ പാലിക്കേണ്ട നിബന്ധനകൾ

മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങളുടെ പരിശീലനം ഏഴ് ദിവസത്തിൽ കുറയാൻ പാടില്ല. ഏഴ് ദിവസത്തിൽ കുറവ് മാത്രമേ പരിശീലനം നടത്തിയിട്ടുള്ളൂ എന്ന റിപ്പോർട്ട് കിട്ടിയാൽ ബോണസിൽ കുറവു വരുത്തുന്നതാണ്.

മത്സര ദിവസം ഒരു മണിക്ക് മുൻപായി എല്ലാ ചുണ്ടൻ വള്ളങ്ങളും അനുവദനീയമായ യൂണിഫോം ധാരികളായ തുഴക്കാരോടൊപ്പം ഫിനിഷിങ് പോയിന്റിൽ അണിനിരക്കണം. മത്സരദിവസം മത്സരം കഴിയുന്നത് വരെ എല്ലാ സമയത്തും യൂണിഫോം ധരിക്കേണ്ടത് നിർബന്ധമാണ്. യൂണിഫോം ധരിക്കാത്ത വള്ളങ്ങളെ മത്സരത്തിൽ പങ്കെടുപ്പിക്കില്ല. കൃത്യസമയത്ത് മാസ്ഡ്രില്ലിൽ പങ്കെടുക്കാൻ വള്ളങ്ങൾ എത്തേണ്ടതും മാസ്ഡ്രില്ലിൽ പങ്കെടുക്കാൻ വരാൻ വൈകുന്ന വള്ളങ്ങൾക്കും പങ്കെടുക്കാത്ത വള്ളങ്ങൾക്കും ബോണസിൽ 25 ശതമാനം കുറവു വരുത്തുന്നതാണ്.

ചുണ്ടൻവള്ളങ്ങളിൽ 75 തുഴക്കാരിൽ കുറയുവാനും 95 തുഴക്കാരിൽ കൂടുതൽ കയറുവാനും പാടില്ല. എ ഗ്രേഡ് വെപ്പ് ഓടി 45 മുതൽ 60 തുഴക്കാർ വരെ, ബി ഗ്രേഡ് വെപ്പ് ഓടി 25 മുതൽ 35 വരെ തുഴക്കാർ, ചുരുളൻ 25 മുതൽ 35 വരെ തുഴക്കാർ, ഇരുട്ടുകുത്തി രണ്ടാംതരം 'ബി' വിഭാഗത്തിൽ 25 മുതൽ 35 വരെ തുഴക്കാർ, (തെക്കനോടി 30 ൽ കുറയാത്ത തുഴക്കാർ)കയറേണ്ടതാണ്. ഈ തുഴക്കാർക്ക് പുറമേ നിലക്കാരും, പങ്കായക്കാരും ഉണ്ടായിരിക്കേണ്ടതുമാണ്.

മത്സര ദിവസം വള്ളങ്ങളിൽ പ്രദർശിപ്പിക്കുവാൻ കമ്മറ്റി തരുന്ന നമ്പരും നെയിം ബോർഡും (സ്പോൺസർഷിപ്പ്) നീളം കൂട്ടി തറയ്ക്കുകയോ, മാറ്റിവയ്ക്കുകയോ ചെയ്യുവാൻ പാടില്ല.

സ്റ്റാർട്ടിങ് പോയിന്റിൽ സ്റ്റാർട്ടർമാർ കൃത്യമായ വിവരങ്ങൾ മാത്രമേ അറിയിക്കുകയുള്ളൂ. കൃത്യമായി ഫോട്ടോഫിനിഷിംഗ് പോലെ നിശ്ചലമായ (സ്റ്റിൽ) സ്റ്റാർട്ടിങ്ങാണ് നടക്കുന്നത്. മൂന്നുതവണ തുല്യതയ്ക്കായി അറിയിപ്പ് നൽകുകയും, മൂന്നാമത്തെ അറിയിപ്പിൽ തുല്യതയിൽ ഉള്ള വള്ളങ്ങളെ മത്സരിക്കാൻ സിഗ്നൽ നൽകുകയും അനുസരിക്കാത്ത വള്ളത്തെ അപ്പോൾ തന്നെ അയോഗ്യരാക്കുന്നതുമാണ്. സ്റ്റാർട്ടിങ് കൃത്യത തൽസമയം ജഡ്ജസ് കാണുന്നതാണ്. അതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നുണ്ട്. സ്റ്റാർട്ടിംഗ് സംവിധാനവും നിയന്ത്രണവും കുറ്റമറ്റ നിലയിലായിരിക്കും. യന്ത്രതകരാറുകൾ സംഭവിച്ചാൽ തുല്യനീതി ഉറപ്പാക്കി സ്റ്റാർട്ടർക്ക് നിയമം നടപ്പിലാക്കാവുന്നതാണ്.

സ്റ്റാർട്ടിങ് സിഗ്നൽ ലഭിച്ചു മത്സരം ആരംഭം മുതൽ അവസാനം വരെ അവരവരുടെ ട്രാക്കിൽ കൂടി മാത്രം മത്സരിച്ച് ഫിനിഷിങ് പോയിന്റിലെ അടയാളം ആദ്യം കടക്കുന്നവർ വിജയിയായി പ്രഖ്യാപിക്കുന്നതാണ്. ട്രാക്ക് മാറുകയോ, മത്സരത്തിന് തടസ്സം വരുത്തുന്ന വിധം ഏതെങ്കിലും പ്രവൃത്തികൾ ഉണ്ടാക്കുകയോ, ഫിനിഷിങ് അടയാളം കൃത്യസമയത്തിനകം കടക്കാതെ വരുകയോ ചെയ്താൽ ബോണസും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതല്ല. കൂടാതെ ക്യാപ്റ്റന്റേയും, ടീം ക്യാപ്റ്റന്റേയും, ക്ലബിന്റെയും പേരിൽ നടപടികൾ ഉണ്ടാകുന്നതുമാണ്.

ഫൈനലിൽ വരുന്ന വള്ളങ്ങളുടെ ക്യാപ്റ്റൻമാർ സെലക്ഷൻ കിട്ടികഴിഞ്ഞാൽ ജഡ്ജസ് പവിലിയനു സമീപം ഉണ്ടായിരിക്കണം. വിജയിക്കുന്ന വള്ളങ്ങളുടെ ക്യാപ്റ്റൻമാർ മാത്രം ഐഡന്റിറ്റി കാർഡ് പ്രദർശിപ്പിച്ച് പവലിയനിൽ കയറുകയും ട്രോഫികൾ ഏറ്റുവാങ്ങുകയും ചെയ്യേണ്ടതാണ്.

വനിതാ വള്ളങ്ങളിൽ പരമാവധി അഞ്ച് പുരുഷന്മാർ മാത്രമേ പാടുള്ളൂ. അവർ തുഴയാൻ പാടില്ല. മത്സരങ്ങളിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾ ഘോഷയാത്രയിലും തുടർന്ന് നടക്കുന്ന മാസ്ഡ്രില്ലിലും പങ്കെടുക്കേണ്ടതാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ ചുണ്ടൻ വള്ളങ്ങളുടേയും തുഴക്കാർ അനുവദനീയമായ യൂണിഫോം ആയി കൈയില്ലാത്ത ബനിയൻ ധരിക്കേണ്ടതാണ്.

ഓരോ ഹീറ്റ്സിലും മത്സരം കഴിഞ്ഞാൽ കളിവള്ളങ്ങൾ നിർബന്ധമായും ഫിനിഷിങ് പോയിന്റിൽ നിന്നു മാറ്റി പുറംകായലിൽ നിലയുറപ്പിക്കേണ്ടതാണ്. ഈ നിബന്ധനയ്ക്ക് എതിരായി ട്രാക്കിന്റെ പടിഞ്ഞാറെ സൈഡിൽ വി..ഐ.പി.പവിലിയന് മുൻവശത്തോ, ട്രാക്കിന് കിഴക്കേ സൈഡിൽ ഐലന്റ് പവിലിയന് മുൻവശത്തോ ഏതെങ്കിലും കളിവള്ളം പാർക്ക് ചെയ്താൽ പ്രസ്തുത വള്ളത്തിന്റെ ബോണസിൽ കുറഞ്ഞത് 50 ശതമാനം കുറവു വരുത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കും.
ജലമേള കഴിഞ്ഞ് ട്രോഫി വിതരണം നടക്കുന്ന സമയത്ത് യാതൊരു കാരണവശാലും കളിവള്ളങ്ങൾ വി.ഐ.പി. പവിലിയന് സമീപം നിലയുറപ്പിക്കാൻ അനുവദിക്കുന്നതല്ല. ട്രോഫി വിതരണ സമയത്ത് വി.ഐ.പി. പവിലിയനിൽ നിന്നും ഉദ്ദേശം മൂന്ന് മീറ്റർ മാറി മാത്രമേ കളിവള്ളങ്ങൾ നിലയുറ

പ്പിക്കാൻ പാടുള്ളൂ. ഉച്ചയ്ക്ക് കൃത്യം രണ്ടു മണിയ്ക്ക് താഴെപറയുന്ന ക്രമത്തിൽ എല്ലാ കളിവള്ള ങ്ങളും അണിനിരക്കേണ്ടതാണ്.

## ചുണ്ടൻ വള്ളങ്ങൾ അണിനിരക്കേണ്ട ക്രമം

ഘോഷയാത്രയ്ക്ക് വേണ്ടി അണിനിരക്കുമ്പോൾ കിഴക്കുവശത്തുള്ള ഔട്ടർ ട്രാക്കുകൾ പൂർണ്ണ മായും ഒഴിവാക്കിയിടേണ്ടതാണ്. ഘോഷയാത്ര കൃത്യം 2.30-ന് ആരംഭിക്കും. ഘോഷയാത്ര നയി ക്കുന്നത് കഴിഞ്ഞകൊല്ലത്തെ റണ്ണറപ്പായ ചുണ്ടന്റെ ക്യാപ്റ്റൻ ആയിരിക്കും. അദ്ദേഹത്തിന്റെ സിഗ്നൽ കിട്ടുന്ന മുറയ്ക്ക് വള്ളങ്ങൾ എല്ലാം തന്നെ പാടിത്തുഴഞ്ഞ് തെക്കോട്ട് നീങ്ങേണ്ടതും ഫിനി ഷിംഗ് പോയിന്റിന് അടുത്ത് വെച്ച് വള്ളങ്ങൾ എല്ലാം കിഴക്കോട്ട് തിരിഞ്ഞ് അവരവർക്ക് നിശ്ചയിച്ചി ട്ടുള്ള സ്ഥാനങ്ങളിൽ വിശിഷ്ടാതിഥികൾക്ക് അഭിമുഖമായി നിലകൊള്ളേണ്ടതുമാണ്. മാസ്ഡ്രിൽ ബുദ്ധിമുട്ടില്ലാതെ ചെയ്യുന്നതിന് വള്ളങ്ങൾ തമ്മിൽ ആറ് അടി അകലം പാലിച്ച് അണിനിരക്കണം.

ഡോക്ക് ചിറയുടെയും, റോസ് കോർണറിന്റെയും മധ്യത്തിലായി ട്രാക്ക് കുറ്റികളിൽ ചുവന്ന കൊടി കൾ കെട്ടിയിരിക്കും. അതിനു പിന്നിലായി ഒന്നും, രണ്ടും ഹീറ്റ്സിലെ എട്ട് ചുണ്ടൻവള്ളങ്ങൾ അണിനിരക്കണം. അതിന് പിന്നിലായി മൂന്നും നാലും ഹീറ്റ്സിലെ എട്ട് ചുണ്ടൻ വള്ളങ്ങൾ അണി നിരക്കേണ്ടതാണ്.
മത്സരത്തിൽ പങ്കെടുക്കുവാൻ വരുന്ന വള്ളങ്ങൾ സ്റ്റാർട്ടിങ് പോയിന്റിന് വടക്കുവശത്തായി സ്റ്റാർട്ടറുടെ നിർദ്ദേശം കേൾക്കത്തക്ക രീതിയിൽ (കേരളീയം വരെ)മാത്രമേ ക്യാമ്പ് ചെയ്യാവു.

എല്ലാ ചെറു വള്ളങ്ങളുടെയും പ്രാഥമിക മത്സരങ്ങൾ രാവിലെ 11 മണിക്ക് ആരംഭിയ്ക്കുന്നതും 12.30 ന് അവസാനിക്കുന്നതുമാണ്. ടി വള്ളങ്ങളുടെ ഫിനിഷിംഗ് പോയിന്റ് നെഹ്റു പവലിയന്റെ വടക്കേ അറ്റത്താണ്. പ്രാഥമിക മത്സരത്തിൽ വിജയിച്ച ചെറുവള്ളങ്ങളുടെ ഫൈനൽ മത്സരങ്ങൾ 2.30 നും നടത്തുന്നതാണ്.

ജലഘോഷയാത്രയ്ക്കും, മാസ്ഡ്രില്ലിനും കൃത്യം 2.30ന് കായൽ കുരിശടിക്ക് മുൻവശമായി അണി നിരക്കണം.

മാസ്ഡ്രില്ലിനു ശേഷം മാസ്ഡ്രിൽ ചീഫിൽ നിന്നും കിട്ടുന്ന നിർദ്ദേശം അനുസരിച്ച് മാത്രം തുഴ ച്ചിൽക്കാർ തിരിഞ്ഞ് ഇരുന്ന് തുഴഞ്ഞ് സ്റ്റാർട്ടിംഗ് പോയിന്റിലേയ്ക്ക് പോകേണ്ടതാണ്. യാതൊരു കാരണവശാലും ട്രാക്കുകളിൽ കൂടി സ്റ്റാർട്ടിംഗ് പോയിന്റിലേക്ക് പോകാൻ അനുവദിക്കുന്നതല്ല.

## സ്റ്റാർട്ടിംഗ് ക്രമീകരണങ്ങളും ക്യാപ്റ്റന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും

.
വള്ളം കളി ദിവസം കൃത്യസമയത്ത് ഫസ്റ്റ് ഹീറ്റ്സിലെ വള്ളങ്ങൾ അവരവർക്ക് നിശ്ചയിച്ചിട്ടുള്ള ട്രാക്കുകളിൽ ഹാജരായി വൈറ്റ്സോണിൽ നിന്നും ഓരോ വള്ളത്തിന്റെയും വലത് വശം രണ്ടാം തുഴക്കാരനും ഇടതുവശം മൂന്നാം തുഴക്കാരനും തരുന്ന വടം പിടിച്ച് വള്ളം നിശ്ചലമായി ഇടേണ്ടതാ ണ്.

ഏതെങ്കിലും വള്ളം വടം പിടിക്കാതിരുന്നാൽ ആ ട്രാക്കിൽ നിന്നും റെഡ് ഫ്ളാഗ് ഉയർത്തുന്നതും, ചട്ടങ്ങൾ അംഗീകരിക്കാത്ത വള്ളത്തിനെ മത്സരത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അധികാരം ചീഫ് സ്റ്റാർട്ടർക്ക് നിക്ഷിപ്തമാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന കളിവള്ളങ്ങൾ അവരവർക്ക് നിശ്ചയിച്ചിട്ടുള്ള ട്രാക്കുകളിൽ വന്നു കഴി ഞ്ഞാൽ മുന്നോട്ടും, പുറകോട്ടും പോകാതിരിക്കാൻ പുറകുവശം ലോക്കുചെയ്യുന്നതാണ്.

ഓരോ ഹീറ്റ്സിനു മുമ്പ് മൂന്ന് ക്ഷണം ഉണ്ടാകും. അതിനുള്ളിൽ കടന്നുവരാത്ത വള്ളങ്ങളെ മത്സര ത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

ഫസ്റ്റ് ഹീറ്റ്സിലെ വള്ളങ്ങൾ പുറപ്പെട്ടു കഴിയുന്ന മുറയ്ക്ക് സെക്കന്റ് ഹീറ്റ്സിനെ വള്ളങ്ങൾ ഒട്ടും താമസിയാതെ അവരവരുടെ ട്രാക്കുകളിൽ സ്ഥാനം പിടിക്കേണ്ടതാണ്.
വള്ളംകളി മത്സരത്തിന് ശേഷം ട്രോഫികൾ ഏറ്റുവാങ്ങുന്നത് സ്റ്റേജിൽ അതാത് വള്ളങ്ങളുടെ ക്യാപ്റ്റൻമാർ മാത്രമേ പ്രവേശിക്കുവാൻ പാടുള്ളൂ.

മത്സരത്തിൽ പങ്കെടുക്കുന്ന വനിതകളുടെ കളിവള്ളങ്ങൾ സ്റ്റാർട്ടിംഗ് പോയിന്റിൽ നിന്നും തുഴച്ചിൽ ആരംഭിക്കേണ്ടതാണ്.

(പി.എൻ.എ. 1371/16)